പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3934 15.12.2014-ൽ മറുപടിയ്ക്ക്

## 'ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ്സ്' പ്രോഗ്രാം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) 'ടോട്ടൽ ഫിസിക്കൽ ഫിറ്റ്നെസ്സ്' പ്രോഗ്രാം ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് പ്രാവർത്തികമാക്കിയത്; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ്സ്' പ്രോഗ്രാം. |
| (ബി) പദ്ധതിയുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ ; | (ബി) & (സി) പദ്ധതിയുടെ ഭാഗമായി നടത്തിയ കായികക്ഷമത പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കുട്ടികളിൽ കായികക്ഷമതാ നിലവാരം മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. പദ്ധതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>1. പരിശോധന നടത്തുന്നതുമായി സഹകരിക്കുന്നതിൽ സ്കൂൾ അധികൃതരുടെ താല്പര്യക്കുറവ്.<br>2. മേൽ പറഞ്ഞ കാരണത്താൽ എല്ലാ സ്കൂളുകളിലും തുടർച്ചയായി പരിശോധന നടത്താനാകുന്നില്ല.<br>3. ഒന്നാം ഘട്ട പരിശോധന നടത്തുന്നതിലും, ഫലം അപ് ലോഡ് ചെയ്യുന്നതിലുമുള്ള വീഴ്ചകൾ |
| (സി) പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ? | |

2013-14 വർഷം പദ്ധതിയുടെ പ്രവർത്തനം നടക്കുകയുണ്ടായില്ല. മേൽപറഞ്ഞ കാര്യങ്ങൾ പരിഹരിച്ചുകൊണ്ട് 2014-15 വർഷം കൂടുതൽ സ്കൂളുകളിൽ പരിശോധന കൃത്യമായും, സമയബന്ധിതമായും നടത്തി ശരിയായ വിവരശേഖരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ കായികക്ഷമത കുറയുന്നതിന് കായിക വിനോദങ്ങളിൽ ഏർപ്പെടാത്തതും കായിക വിദ്യാഭ്യാസം ലഭിക്കാത്തതും കാരണമാകയാൽ യു.പി തലം മുതൽ ഹയർ സെക്കന്ററിതലം വരെ സ്കൂളുകളിൽ ആവശ്യമായ കായിക പരിശീലനം നൽകേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ